**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

# നോട്ടീസ്

നം.ഇ എസ് -5/14675/2025/ആ. വ. ഡ(2)

തീയതി: 23-12-2025

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ അനസ്തേഷ്യ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോരിറ്റി നമ്പർ-12 ആയി ഉൾപ്പെട്ട Dr.Anu.W-നെ ടി സീനിയോരിറ്റി പട്ടികയിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

സൂചന :

1. G.O (P) No.69/2010/H&FWD Dated.17.02.2010.
2. Order No.ES-7/581/2021/DHS Dated.02.06.2021.
3. A1/3074/2025/DMO PATHANAMTHITTA Dt.
4. GE 03/B AG( A & E ) Dated. 13.09.2024.

ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ (31.12.2020 വരെ സർവീസിൽ പ്രവേശിച്ചവരുടെയും 31.12.2020 വരെ പി ജി ഡിഗ്രീ / ഡിപ്ലോമ യോഗ്യത നേടിയവരുടെയും ലിസ്റ്റ്) അനസ്തേഷ്യ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോരിറ്റി നമ്പർ-12 ആയി ഉൾപ്പെട്ട Dr.Anu.W-08.07.2020-ൽ സർവീസിൽ പ്രവേശിച്ചതായും, 30.04.2020-ൽ MD Anaesthesiology യോഗ്യത നേടിയിരുന്നതായും സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ സൂചന 3 പ്രകാരം ലഭ്യമാക്കിയ പ്രൊബേഷൻ ഉത്തരവിൽ 14.02.2022-ൽ സർവീസിൽ പ്രവേശിച്ചതായാണ് രേഖപ്പെടുത്തിട്ടുള്ളത്. കൂടാതെ എ ജി (എ & ഇ) യിൽ നിന്നുള്ള സർവീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ Date of assumption of charge 14.02.2022 എന്ന് വ്യക്തമാക്കിട്ടുണ്ട്. 14.02.2022-ൽ സർവീസിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിട്ടുള്ളതിനാൽ Dr.Anu.W-ന് 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല.

അതിനാൽ **Dr.Anu.W**-നെ **2021**-ലെ അന്തിമ ഓപ്റ്ററഡ് സീനിയോരിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി താൽക്കാലിക തീരുമാത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗേനയോ, ഇ മെയിൽ **(essectiondhs@gmail.com)** മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനതിരെ ആക്ഷേപമില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
Meenakshy V
Date: 23-12-2025 17:14:26

ആരോഗ്യവകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

വ്യക്തിക്ക് ( ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക്(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ( " )
3. സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
5. ഫയൽ കരുതൽ ഫയൽ